LIBRARY ARCHIVES Kerala Legislative Assembly

### ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന് ലഭിച്ച പരിശോധനാ റിപ്പോർട്ടുകൾ വകുപ്പുതല നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിവരുന്നു.

## പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി മുമ്പാകെയുള്ള പരാതികൾ

**229 (1899)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി മുമ്പാകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര എണ്ണം തീർപ്പാക്കി ;

(സി) ഏതെങ്കിലും കേസുകളിൽ വകുപ്പുതല അന്വേഷണത്തിനോ മറ്റുള്ള അന്വേഷണത്തിനോ ശിപാർശ നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമാണോ ; കമ്മിറ്റി ശക്തിപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി 3 പ്രാവശ്യം യോഗം ചേരുകയും അതിൽ 58 പരാതികൾ ലഭിക്കുകയുമുണ്ടായി.

(ബി & സി) ലഭിച്ച 58 പരാതികളിൽ ഒരെണ്ണം സത്യാന്വേഷണം നടത്താനും, ഒരെണ്ണം മിന്നൽ പരിശോധന നടത്താനും 2 എണ്ണത്തിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യാനും കമ്മിറ്റി തീരുമാനിച്ചു. മറ്റു പരാതികൾ അതാത് വകുപ്പുതലവൻമാർക്ക് എത്രയുംവേഗം അന്വേഷിച്ച് തീരുമാനമെടുക്കാൻ അയച്ചു കൊടുത്തിട്ടുണ്ട്.

(ഡി) തൃപ്തികരമാണ്. ജില്ലാ വിജിലൻസ് കമ്മിറ്റി ശക്തിപ്പെടുത്താനുള്ള നടപടികൾ തുടരുന്നുണ്ട്.

## വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി വിജിലൻസ് അന്വേഷണം

**230 (1900)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൻമേൽ വിജിലൻസ് അന്വേഷണം നടത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ആരാണ് പരാതി നൽകിയത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആർക്കെതിരെയാണ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണപരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൻമേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ക്യൂ.വി.3/2013/എസ്.ഐ.യു-1 എന്ന സത്വരാന്വേഷണം നടന്നുവരുന്നു.

(ബി) ശ്രീ. ആർ. ബാലകൃഷ്ണപിള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 22-7-2013-ൽ പത്രറിപ്പോർട്ടുകളുടെ പകർപ്പുകൾ സഹിതം നൽകിയ പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചാണ് സത്വരാന്വേഷണം നടക്കുന്നത്.

(സി) ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായ ആരോപണം സംബന്ധിച്ചാണ് അന്വേഷണം.

(ഡി) മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകളും രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോടെക്നോളജിയിൽ ശാസ്ത്രജ്ഞയുമായ ഡോ. വി.വി. ആശയ്ക്ക് ഗവേഷണത്തിനായി 2001 മുതൽ വനം വകുപ്പിൽ നിന്നും 35 ലക്ഷം രൂപ പല തവണയായി അനുവദിച്ചു നൽകിയെന്നും എന്നിട്ടും തയ്യാറാക്കിയ പ്രബന്ധങ്ങളൊന്നും വനം വകുപ്പിൽ ലഭിച്ചിട്ടില്ലെന്നുള്ള ആരോപണം, വ്യക്തി താൽപ്പര്യങ്ങൾ മുൻനിർത്തി രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ ഡയറക്ടർ സ്ഥാനത്ത് പ്രൊഫസർ എം. രാധാകൃഷ്ണപിള്ളയെ തുടരാൻ അനുവദിക്കരുതെന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്.അച്ചുതാനന്ദൻ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പുമന്ത്രിക്ക് കത്തെഴുതിയതായുമുള്ള ആരോപണം എന്നിവയിലാണ് അന്വേഷണം നടക്കുന്നത്.

## വിജിലൻസിന് സ്വതന്ത്ര പദവി

231 (1901) ശ്രീ. എം. വി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വിഭാഗം പോലീസ് സേനയിൽ നിന്നും വേർപെടുത്തി സ്വതന്ത്ര സംവിധാനമാക്കുമോ ;

(ബി) മികച്ച ഭരണത്തിനും ഓഡിറ്റിംഗിനും പ്രാപ്തരായ ഉദ്യോഗസ്ഥ വിഭാഗത്തിന് കീഴിൽ പ്രസ്തുത സംവിധാനം പുനഃസംഘടിപ്പിക്കുമോ ;

(സി) പി.എസ്.സി.-യിലെ വിജിലൻസ് വിഭാഗം സർക്കാർ നിയന്ത്രണത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly